## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2121 11.06.2018 ൽ മറുപടിക്ക്

### ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ മനു പി.ജി.ക്ക് നിയമന ഉത്തരവ് നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കെ.പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചിട്ടും വികലാംഗർ എന്ന കാരണത്താൽ പല പൊതു മേഖലാ സ്ഥാപനങ്ങളും നിയമനം നൽകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തിരമായി ഇപ്രകാരമുള്ള നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) വിവരം ശേഖരിച്ച് വരുന്നു. |
| (ബി) കെ.പി.എസ്.സി. കോഴിക്കോട് റീജിയണൽ ഓഫീസിൽ നിന്നും & 27.01.2018-ലെ ആർ.ഒ.ഡി. III(1)1064/09(2) നമ്പർ അഡ്വൈസ് പ്രകാരം മനു പി.ജി. എന്നയാൾക്ക് ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ലോ വിഷൻ ടേണിൽ ഹെൽപ്പർ പോസ്റ്റിൽ അഡ്വൈസ് ചെയ്തിട്ടും കാഴ്ച കുറവെന്ന കാരണത്താൽ നാളിതുവരെയായി നിയമനം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;<br>(സി) മനു പി.ജി.ക്ക് അടിയന്തിരമായി നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) (സി) കരകൗശല വികസന കോർപറേഷനിൽ ഒഴിവുള്ള ഹെൽപ്പർ തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് റീജിയണൽ ഓഫീസിൽ നിന്നും 7 പേരുടെ അഡ്വൈസ് ലഭിച്ചിരുന്നു. ഇതിൽ DA Hearing Impairment 3 പേരുടേയും DA Low Vision 3 പേരുടേയും DA Locomotor Disability ഒരാളുടേയും അഡ്വൈസ് ആണ് ലഭിച്ചിരിക്കുന്നത്.<br>ഹെൽപ്പർ തസ്തികയിലേക്ക് പി.എസ്.സിയിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിച്ച ശ്രീ.മനു DA Low Vision വിഭാഗത്തിൽപ്പെട്ടതാണ്. കോർപറേഷന്റെ വിപണനശാലകളിലേക്ക് വികലാംഗ ഉദ്യോഗാർത്ഥികളെ നിയമിച്ചാൽ മറ്റു ജീവനക്കാരുടെ അഭാവത്തിൽ കരകൗശല വസ്തുക്കൾ നിറഞ്ഞ യൂണിറ്റിൽ സ്വതന്ത്രമായി ചലിക്കുവാനോ ഉപഭോക്താക്കളുടെ ആവശ്യാനുസരണം സാധനങ്ങൾ എടുത്തു നൽകുവാനോ പ്രയാസമായിരിക്കുമെന്നും ഒന്നോ രണ്ടോ ജീവനക്കാരുള്ള വിപണനശാലകളിൽ തനിച്ച് ജോലി ചെയ്യേണ്ട അവസരത്തിൽ വിലപിടിപ്പുള്ള ഉൽപ്പന്നങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുമെന്നും ആയത് കോർപറേഷന്റെ പ്രവർത്തനത്തെ |

സാരമായി ബാധിക്കുമെന്നും മേൽ സാഹചര്യത്തിൽ ഇവർക്ക് പകരമായി കോർപറേഷന്റെ പ്രവർത്തനത്തെ ബാധിക്കാത്ത രീതിയിലുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് ഉത്തരവ് നൽകണമെന്നും കരകൗശല വികസന കോർപറേഷൻ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

ഈ വിഷയം കമ്മീഷന്റെ പരിഗണനക്കായി സമർപ്പിക്കുവാൻ പി.എസ്.സി സെക്രട്ടറിയോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ